# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 94 11.06.2019 ൽ മറുപടിക്ക്

### റോഡുകളുടെ പുനർനിർമ്മാണത്തിന് ധനസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം പൂർത്തിയായിട്ടുണ്ടോ;<br><br>ബി) ഇല്ലെങ്കിൽ എത്ര ശതമാനം റോഡുകൾ ഇതിനകം പുനർനിർമ്മിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) & ബി) | പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നടപടികളാണ് നടപ്പിലാക്കി വരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പുനർ നിർമ്മാണത്തിനായി ദുരന്ത നിവാരണ ഫണ്ടും നോൺപ്ലാൻ ഫണ്ടും ഉപയോഗിച്ച് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികളും ഓടകളുടെയും സംരക്ഷണഭിത്തികളുടെയും നിർമ്മാണവും മറ്റും പൂർത്തീകരിച്ചിട്ടുണ്ട്.<br>ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. ഹ്രസ്വകാല പുനരുദ്ധാരണ പ്രവൃത്തികളുടെ 73% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട്, SLTF ഫണ്ട് എന്നിവയും ഇതിനായി ഉപയോഗിച്ചു വരുന്നു.<br>2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗത യോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി |

രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കും. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി വേണ്ടിവരും. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ്-54 എണ്ണം, പാലങ്ങൾ-2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

കെ.എസ്.ടി.പി റോഡുകളുടെ 90% പണികളും പൂർത്തീകരിച്ചു. പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി റോഡുകളായ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല — മാവേലിക്കര റോഡ് എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. മുത്തോലി - കൊഴുവനാൽ റോഡ്, മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും, പാലാ — ഈരാറ്റുപേട്ട റോഡ് (അബട്ട്മെന്റ് നവീകരണവും സംരക്ഷണ ഭിത്തി നിർമ്മാണവും) ഇരിട്ടി - നെടുംപോയിൽ റോഡ് എന്നിവയുടെ മെയിന്റനൻസ് പ്രവൃത്തികൾ പദ്ധതിയുടെ മെയിന്റനൻസ് കാലാവധിക്കുള്ളിലായതിനാൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് പണികൾ പൂർത്തീകരിച്ചു. തലശ്ശേരി - വളവുപാറ റോഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു.

350 കോടിയുടെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് ഉയർത്തി പ്രളയത്തെ മറികടക്കുന്ന രീതിയിൽ Elevated Highway ആയി നിർമ്മിക്കുവാൻ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ യോഗ(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി എന്നിവരും പങ്കെടുത്തിരുന്നു) തീരുമാനപ്രകാരം ഡിസൈൻ പൂർത്തീകരിച്ചു വരുന്നു. കായംകുളം കൂട്ടുംവാതുക്കൽ പാലം 50 കോടി അടങ്കലിൽ നിർമ്മിക്കുവാൻ ഡിസൈൻ തയ്യാറാക്കി വരുന്നു.

കുട്ടനാട് താലൂക്കിൽ 12 ഉം ചെങ്ങന്നൂരിൽ 10 ഉം ആറന്മുളയിൽ 4 ഉം അമ്പലപ്പുഴ താലൂക്കിൽ 12 ഉം പാലങ്ങൾ നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വയനാട്, ഇടുക്കി, ചാലക്കുടി, അങ്കമാലി, ആലുവ, തിരുവമ്പാടി, നിലമ്പൂർ,

പൂഞ്ഞാർ, ഏറ്റുമാനൂർ, മൂവാറ്റുപുഴ, കുന്നത്തുനാട് എന്നിവിടങ്ങളിൽ പ്രളയബാധിത ജില്ലകളിലെ പുനർ നിർമ്മാണം നടന്നു വരുന്നു.

| | |
|---|---|
| സി) പുനർനിർമ്മാണത്തിന് വിദേശബാങ്കുകൾ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) കേരള പുനർ നിർമ്മാണ പദ്ധതികൾക്കായി സംസ്ഥാനത്തിന് ലോകബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KFW ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിനുവേണ്ടി ജർമ്മൻ ബാങ്ക് (KFW Bank) ആദ്യഘട്ടത്തിൽ 90 മില്ല്യൺ യൂറോ ഡോളറും രണ്ടാം ഘട്ടത്തിൽ 80 മില്ല്യൺ യൂറോ ഡോളറും വായ്പ വാഗ്ദാനം ചെയ്തിട്ടുണ്ട്. |
| ഡി) കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിനായി ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണ്; | ഡി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണത്തിന് ദുരന്തനിവാരണ ഫണ്ടിൽ നിന്നും 71.25 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. |
| ഇ) നവകേരള നിർമ്മാണത്തിന് നേതൃത്വം നൽകുന്ന റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് വേറെ ഏതെങ്കിലും ധനകാര്യ ഏജൻസിയിൽ നിന്നും പുനർനിർമ്മാണത്തിന് ധനസഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഇ) പ്രളയാനന്തരം നവകേരള നിർമ്മാണം അതിജീവനക്ഷമവും പരിസ്ഥിതി സൗഹാർദ്ദപരവുമായ രീതിയിൽ നടപ്പിലാക്കുന്നതിന് കേരള പുനർ നിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme) യുടെ രേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇത് വിവിധ ഏജൻസികൾക്കും വികസന പങ്കാളികൾക്കും (Development Partners) സമർപ്പിച്ച് പുനർ-നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരികയാണ്. |

സെക്ഷൻ ഓഫീസർ